ലേഖനം നമ്പർ 32

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**രണ്ടാംവരവ് :**

"ഇനിയുള്ള പ്രദക്ഷിണം ചിത്രീകരിക്കുന്നത് കർത്താവിന്റെ രണ്ടാം വരവിനെയാണ്. എന്നാൽ പ്രയോഗികമായ അസൗകര്യങ്ങൾ ഒഴിവാക്കാൻ മദ്ബഹായിലുള്ളവർ വി. കുർബ്ബാന അനുഭവിച്ചശേഷം, പടിഞ്ഞാറോട്ടുള്ള എഴുന്നെള്ളത്തിനു മുമ്പ് ജനത്തിന് കുർബ്ബാന കൊടുക്കുന്ന രീതിയും സഭയിൽ ഇന്നു നിലവിലുണ്ട്.

സ്വർഗ്ഗം തുറക്കപ്പെടുന്നതിന്റെ പ്രതീകമായി തിരശ്ശീല നീക്കുന്നു. ശുശ്രൂഷകൻ "നാം അട്ടഹസിച്ചു പറയണം" എന്നും ജനം "പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനും ആകുന്നു. ആദിമുതൽ തലമുറ തലമുറ വരെയും തനിക്കു സ്തുതി, ഹാലേല്ലൂയ്യാ" എന്നും ചൊല്ലുന്നു. രണ്ടാം വരവിൽ പ്രത്യക്ഷപ്പെടുന്ന സ്വർഗ്ഗസേനകളുടെ പ്രതീകമായി മർവഹസാകൾ ഉപയോഗിക്കുന്നു. കാഹളധ്വനിക്ക് സമാനമായി മണിനാദവും മുഴക്കുന്നു. പട്ടക്കാരൻ വലതുകൈയ്യിൽ പീലാസായും ഇടതുകൈയ്യിൽ കാസായും എടുത്തുകൊണ്ട് ഇടത്തുവശത്തുകൂടി പടിഞ്ഞാറോട്ട് തിരിയുന്നു. "ഞങ്ങളുടെ രക്ഷക്കായി വന്നവനും ഞങ്ങളുടെ പുനരുദ്ധാനത്തിനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നിത്യമായ പുതുക്കത്തിനും വേണ്ടി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ! പാപപരിഹാരം നൽകുന്ന നിന്റെ ബലിപീഠത്തിൽ നിന്ന് നിന്റെ ദാസർക്ക് പാപപരിഹാരം ഇറങ്ങുമാറാകണമെ" എന്നുള്ള പ്രാർത്ഥനയും "ദൈവമായ കർത്താവേ കടങ്ങളുടെ പരിഹാരത്തിനും, പാപങ്ങളുടെ മോചനത്തിനും, ഞങ്ങളുടെ കർത്താവും ദൈവവുമെ! തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും വേണ്ടി, വിലയേറിയതായ നിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്ന ഈ നിന്റെ ആരാധകരുടെ സംഘത്തെ അദൃശ്യമായ നിന്റെ വലതുകൈ നീട്ടി വാഴ്ത്തേണമെ" എന്നുള്ള പ്രാർത്ഥന ചൊല്ലി (വലതുകരത്താൽ) ജനങ്ങളെ വാഴ്ത്തിയിട്ടാണ് ദർഗായിൽ നിന്നിറങ്ങി പടിഞ്ഞാറോട്ട് നടക്കുന്നത്. പട്ടക്കാരൻ ദർഗായിൽ നിന്നിറങ്ങി പടിഞ്ഞാറോട്ട് നടന്നുകൊണ്ട് "വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമിശിഹായാകുന്ന ദൈവത്തിന്റെ കരുണ, ഈ വിശുദ്ധതകൾ വഹിച്ചിരിക്കുന്നവരുടെ മേലും, ഇവ നൽകുന്നവരുടെ മേലും, അനുഭവിക്കുന്നവരുടെ മേലും, പരിശ്രമിച്ച് ഇവയിൽ സംബന്ധിച്ചിട്ടുള്ളവരും, സംബന്ധിക്കുന്നവരുമായ എല്ലാവരുടെമേലും രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ" - ചൊല്ലുന്ന പ്രാർത്ഥനയുടെ അന്ത്യത്തിൽ വലതുകൈയ്യിലുള്ള പീലാസാ ഇടതുകൈയ്യിലുള്ള കാസായുടെ മുകളിൽ പിടിക്കുന്നു. കാസായും പീലാസായും കുരിശാകൃതിയിൽ പിടിക്കുന്നത് കുരിശുമൂലം ക്രിസ്തു നേടിത്തന്ന വലിയരക്ഷയെ ഓർക്കുവാനും ക്രിസ്തുവിനോട് കരുണ യാജിക്കാനുമാണ്. ഈ പ്രാർത്ഥനകളുടെ ഓരോന്നിന്റെയും അന്ത്യത്തിൽ ജനങ്ങൾ "ആമ്മീൻ" പറയുന്നു.

തിരുശരീരരക്തങ്ങൾ രണ്ടു കൈയ്യിലും വഹിച്ചുകൊണ്ട് ഭക്തിപരമായ ആഘോഷത്തോടെ ജനങ്ങളുടെ അടുക്കലേക്കു വരുന്നതു കാണുമ്പോൾ മനുഷ്യപുത്രൻ ശക്തിയോടും വലിയ തേജസ്സോടും കൂടെ ആകാശ മേഘങ്ങളിൽ വരുന്നതിനെ ഓർക്കണം. "അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ കാണപ്പെടും. അപ്പോൾ ഭൂമിയിലുള്ള സർവ്വഗോത്രങ്ങളും വിലപിക്കും. മനുഷ്യപുത്രൻ പ്രതാപത്തോടും മഹാതേജസ്സോടുംകൂടി വാനമേഘങ്ങളിൽ വരുന്നത് അവർ കാണും. ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നാലുദിക്കിൽ നിന്നും താൻ തെരഞ്ഞെടുത്തവരെ വിളിച്ചുകൂട്ടാൻ അവൻ മാലാഖമാരെ വലിയ കാഹളനാദവുമായി അയക്കും" (മത്താ. 24 : 30, 31)

ജനം : "നാഥാ കൃപചെയ്തീടണമെ" അല്ലെങ്കിൽ "ഉണ്ടാകട്ടെ നല്ലോർമ്മ"

ഇവിടെ കാസായോ പീലാസായോ, ഏവൻഗേലിയോൻ മേശമേലോ, വിരിച്ചൊരുക്കപ്പെട്ട മറ്റൊരു മേശമേലോ സൗകര്യപ്രദമായി വച്ചിട്ട് ഈ സമയത്തു തന്നെ വി. കുർബ്ബാന ജനത്തിനു കൊടുക്കുന്നതാണ് ഏറ്റവും അഭികാമ്യം. മറ്റു പട്ടക്കാരോ, പൂർണ്ണ ശെമ്മാശന്മാരോ സന്നിഹിതരാണെങ്കിൽ കാസായോ പീലാസായോ അവരുടെ കയ്യിൽ കൊടുക്കാം.

പട്ടക്കാരൻ "ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമിശിഹാ, ഞങ്ങൾ ഭക്ഷിച്ച നിന്റെ പരിശുദ്ധ ശരീരവും ഞങ്ങൾ പാനം ചെയ്ത പാപ പരിഹാരം ചെയ്ത നിന്റെ രക്തവും, ഞങ്ങൾക്ക് ശിക്ഷയ്ക്കും പ്രതികാരത്തിനുമായി തീരരുതേ.... പിന്നെയോ ഞങ്ങളെല്ലാവരുടേയും ജീവനു രക്ഷയ്ക്കുമായി തീരണമെ. ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്യണമെ" എന്നു പ്രാർത്ഥിച്ച് ഇടതുവശത്തുകൂടി കിഴക്കോട്ട് തിരിഞ്ഞ് നടന്ന് രഹസ്യങ്ങൾ ത്രോണോസിൽ വയ്ക്കുന്നു. കിഴക്കോട്ടു തിരിയുമ്പോൾ ജനം : "ഭൂവാകെ നമിക്കും നിന്നെ...................... ഹലേലൂയ്യാ" അല്ലെങ്കിൽ

"മരിച്ചോർക്കുയിരേകുന്നോനേ.........................ഹാലേലൂയ്യ"

പട്ടക്കാരൻ തിരിച്ചെഴുന്നെള്ളി ത്രോണോസിൽ ഒന്നിനുമീതെ ഒന്നിനെ ചുറ്റിച്ച് കാസായും പീലാസായും വയ്ക്കുന്നു. ഈ സംയോജിപ്പ് മേലുള്ളവരെയും താഴെയുള്ളവരെയും യോജിപ്പിച്ചു എന്നും ആകാശവും ഭൂമിയും ദൈവ വാഴ്ചയ്ക്ക് കീഴ്പെട്ടു എന്നും സൂചിപ്പിക്കുന്നു.

*(തുടരും...)* ■




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 10 ISSUE : 01 JANUARY 2016

*May the New Year bring joy, peace & happiness to you & your entire family....*




## എഡിറ്റോറിയൽ

# വാർദ്ധക്യം ഘോഷിക്കുക

"വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും" (സങ്കീ 92:14). വാർദ്ധക്യത്തെ പേടിക്കുന്നവരാണല്ലോ അധികമാളുകളും. അതിനുള്ള പ്രധാന കാരണം ഇപ്പോഴത്തെ ചെറുപ്പക്കാരായ മക്കൾ വാർദ്ധക്യത്തിൽ എത്തുന്ന മാതാപിതാക്കളെ വേണ്ടവിധം കരുതുകയില്ലെന്നുള്ള വിചാരമാണ്. മക്കളല്ല, നമ്മുടെ മനസ്സാണ് വാർദ്ധക്യത്തിൽ നമുക്ക് ശക്തി പകരേണ്ടത്. "വളർന്നു വളർന്ന് വാർദ്ധക്യത്തിലെത്തുകയല്ല, വാർദ്ധക്യത്തിലെത്തിയാലും വളരുകയാണാവശ്യം" എന്നു പറയാറുണ്ടല്ലോ.

പലപ്പോഴും പലരും യൗവ്വനം കഴിയുമ്പോൾ ചുറ്റുപാടുകളോട് ഇണങ്ങി ജീവിക്കുവാൻ പ്രയാസപ്പെടുന്നതു കാണാറുണ്ട്. അതായിരിക്കും പലപ്പോഴും "ജനറേഷൻ ഗ്യാപ്" എന്നു വിളിച്ച് നമ്മുടെ പിൻമുറക്കാരെ അകറ്റി നിർത്തേണ്ടിവരുന്നതിന്റെ കാരണവും. എന്നാൽ വൃദ്ധന്മാർക്കുള്ള ലോകപരിജ്ഞാനം ചെറുപ്പക്കാർക്ക് ഉണ്ടാവുകയില്ല എന്നത് തർക്കമില്ലാത്ത സംഗതിയാണല്ലോ. പ്രായം കൊണ്ടുമാത്രം നേടുന്ന അറിവുകൾ പലപ്പോഴും പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുവാൻ തുനിയാതെ ജീവിച്ചാൽ ആ അറിവുകൾ അവരോടുകൂടെ തന്നെ എരിഞ്ഞ് അടങ്ങുകയായിരിക്കും ഫലം.

പല ലോകരാജ്യങ്ങളിലും കുഞ്ഞുങ്ങളെയും, വൃദ്ധന്മാരെയും ഒരേപോലെ കരുതണമെന്നുള്ള നിയമമുണ്ടാക്കിയിട്ടുണ്ട്. വാർദ്ധക്യത്തിൽ എല്ലാവരും കുഞ്ഞുങ്ങളെപ്പോലെ ആയിത്തീരുമെന്നു പറയാറുണ്ട്. സന്തോഷമുണ്ടാക്കുന്ന കാര്യങ്ങൾ ചിന്താമണ്ഡലത്തിൽ എത്തുകയും, ദുഷ്ടപ്രവർത്തികൾക്കുള്ള വാസന പൂർണ്ണമായി മാറുകയും ചെയ്യുക വാർദ്ധക്യത്തിന്റെ പ്രത്യേകതയാണല്ലൊ. അതുകൊണ്ടുതന്നെയാണ് സന്തോഷവും, സമാധാനവും അന്വേഷിക്കുന്ന മാനസികനില വാർദ്ധക്യത്തിലുണ്ടാവുന്നതും.

ഒരസ്വസ്ഥതയുമില്ലാത്ത കുരുന്നുമനസ്സ് വാർദ്ധക്യത്തിൽ കൂട്ടുണ്ടാകും. അതുകൊണ്ടുതന്നെ മരണത്തെ ഭയപ്പെടാതെ നല്ലതു ചിന്തിക്കുവാനും, പ്രവർത്തിക്കുവാനുമുള്ള ദൈവനടത്തിപ്പിനായി കാത്തിരിക്കണം.

"നരച്ച തല ശോഭയുള്ള കിരീടമാകുന്നു; നീതിയുടെ മാർഗ്ഗത്തിൽ അതിനെ പ്രാപിക്കാം" (സദൃ 16:13).

"വൃദ്ധന്മാരുടെ പക്കൽ ജ്ഞാനവും, വയോധികന്മാരിൽ വിവേകവും ഉണ്ട്" (ഇയ്യോ 12:12). "ഞങ്ങളുടെ പുറമെയുള്ള മനുഷ്യർ ക്ഷയിച്ചു പോകുന്നെങ്കിലും, ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു" (2 കൊരി. 4:16) "വാർദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതെ, ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതെ" (സങ്കീ 71:9).

"യൗവ്വനക്കാരുടെ ശക്തി അവരുടെ പ്രശംസ, വൃദ്ധന്മാരുടെ നര അവരുടെ ഭൂഷണം" (സദൃ 20:29).

ഇന്നത്തെ ന്യൂജനറേഷൻ ചെറുപ്പക്കാർക്കു വേണ്ടിയാണെന്നു തോന്നും പൗലോസ് അപ്പോസ്തോലൻ ഇങ്ങനെ പറഞ്ഞത്: "നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (എഫെ 6:2). ■

## ഇടയ ലേഖനം

# അമ്മയ്ക്കൊരു പുകൾ

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ ജനനത്തിരുനാളിന്റെ മാധുര്യവും സംഗീതവും വെളിച്ചവും പ്രഘോഷിക്കപ്പെട്ടുകഴിഞ്ഞാൽ എല്ലാ കണ്ണുകളും മാതൃസവിധത്തിലേക്കു നീളുന്നു. അമ്മയെ പുകഴ്ത്തുന്നത് ദൈവത്തിന്റെ മാതാവായതുകൊണ്ടുമാത്രമല്ല; സമാനതകളില്ലാത്തതും, അപകടകരവുമായ ഒരു ഉത്തരവാദിത്തം സവിനയം സ്വീകരിച്ചതുകൊണ്ടു കൂടെയാണ്. ജീവിതത്തിലുണ്ടാകാവുന്ന പ്രതിസന്ധികളും, നിരാശകളും, ഫലശൂന്യതയുംകൊണ്ട് പകച്ചു നിൽക്കുന്നവർ കുറച്ചൊന്നുമല്ല. "None But the brave deserves the fair" കാവ്യശലകം ഇവിടെ സാർത്ഥകമാകുന്നു. ഇത്തരം വെല്ലുവിളികൾ വിനയത്തോടെ എടുക്കുവാൻ ധർമ്മാധിഷ്ഠിതമായ ധൈര്യം അനിവാര്യമാണ്.

വാഗ്ദത്തപ്രകാരം, "അത്ഭുത"മായി പിറന്ന പൈതലിനെ ഏന്തിനിൽക്കുന്ന ബാലിക, ഈ പ്രപഞ്ചത്തിലെ സമസ്തനന്മകളുടെയും പ്രതീകമാണ്. താനുൾപ്പെടുന്ന പ്രപഞ്ചം മുഴുവൻ ഉള്ളംകൈയിൽ അടക്കിയിരിക്കുന്നവനെയാണ് മറിയാം ഒക്കത്തേറ്റിയിരിക്കുന്നത്! മാലാഖ അറിയിച്ച ദൂതു സ്വീകരിച്ചു, വണങ്ങി; അതിനപ്പുറം ഒന്നും വേണ്ട എന്ന് ദൃഢമായി ഉറപ്പിക്കുന്ന അമ്മയെ പുകഴ്ത്തുകതന്നെ വേണം. ദൈവോദ്ദേശ്യങ്ങൾക്കു മുമ്പിൽ ശിരസ്സുനമിക്കുന്ന മനുഷ്യർ തികച്ചും വിരളമാണ്. മറിച്ച്, അവനവന്റെ താല്പര്യങ്ങൾക്ക് കൃത്രിമമായ ആന്തരീകപരിവേഷം കല്പിക്കാനാണ് മനുഷ്യന് താൽപര്യം. പുതിയ-പഴയ ഉടമ്പടികളുടെ പൂർത്തീകരണമാണ് യേശുവിന്റെ ജനനത്തിൽ അനാവരണപ്പെട്ടത്. ഈ മഹാസംഭവത്തിന്റെ ഭൂമികയും വാഹകയുമായ മാതാവിനെ നാം വാഴ്ത്തുക.

ഇത്തരമൊരു കീഴടക്കവും അനുസരണം ഇല്ലാതെ പോയതാണല്ലോ ആദിമാതാപിതാക്കളുടെ ദൗർബ്ബല്യമായി വ്യവഹരിക്കപ്പെടുന്നത്. മനസ്സുതുറന്ന് "ഉവ്വ്" എന്ന് ഈശ്വരനോടു പ്രതിവചിക്കുന്നവർ വഴിയാണ് ഈ ലോകത്ത് നന്മ പിറക്കുന്നത്. വാസ്തവത്തിൽ ഈ സംഗതി, ദൈവസ്വഭാവത്തിന്റെ പങ്കിടലും, ദൈവപ്രവർത്തികളിലെ പങ്കാളിത്തവുമാണ്. മറിയാമിന്റെ "സ്വീകാര്യവാക്യ"ത്തിൽ ഈ സൃഷ്ടിമുഴുവനും വാനോളമുയർന്നുവെന്നു പറയാം. കണ്ടാലും! ഒരു മാലാഖയും കാണുകയോ സ്പർശിക്കുകയോ ചെയ്തിട്ടില്ലാത്തവൻ ദേഹരൂപം പൂണ്ടിരിക്കുന്നു; കന്യകമാതാവിനാൽ ആശ്ലേഷിക്കപ്പെടുന്നു. കന്യകയമ്മ ഭയപ്പാടോടെ, കുഞ്ഞിനു മുലപ്പാൽ നൽകുന്നു!

ദൈവമാതാവിനെ പുകഴ്ത്തുന്നവർ, ദൈവനിയോഗത്തിനു മുമ്പിൽ സ്നേഹത്തോടും അനുസരണത്തോടും വണങ്ങുന്ന മനുഷ്യസുകൃതത്തെയാണ് പുകഴ്ത്തുന്നത്. "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്ന ശാന്തഗംഭീരവും, ദൃഢവുമായ സമ്മതത്തിനു മറുവാക്കില്ല. അങ്ങനെയാണവൾ ഭാഗ്യവതിയായത്! മാതാവ് ശിശുവിനെ വഹിക്കുന്നതിനെ, "വഹിച്ച് ആഘോഷിക്കുന്നു"

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# ക്രിസ്മസും-പുതുവർഷവും

**ഫാ. അലക്സ് പി. ജോർജ്ജ്**



ക്രിസ്മസും-പുതുവർഷവും വീണ്ടും ആഘോഷിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിച്ചു. തന്റെ സൃഷ്ടിയോട് ദൈവത്തിനുള്ള കരുണയുടെ ദൃഷ്ടാന്തമാണ് ക്രിസ്തുവിന്റെ ജനനം. പുതുവർഷത്തിലേക്ക് പ്രവേശിക്കാനുള്ള അവസരവും ദൈവ കരുണ തന്നെ.

ശുദ്ധീകരിച്ച് ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചതിന് ശേഷമാണ് ജനനപ്പെരുന്നാൾ സഭ ആചരിക്കുന്നത്. സഭയുടെ ശുദ്ധീകരണവും, പ്രതിഷ്ഠയും വിശ്വാസികളുടെ വ്യക്തിപരമായ അനുഭവം കൂടിയാണ്. ശുദ്ധിയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന വിശ്വാസികളുടെ ജീവിതത്തിലാണ് ക്രിസ്തു ജനിക്കുന്നത്. ക്രിസ്തുവിനെ സ്വീകരിക്കുന്ന വിശ്വാസി തീർച്ചയായും, ക്രിസ്തു സ്വഭാവം ഉള്ളവരായി ജീവിയ്ക്കണം. ക്രിസ്തുവിലുള്ള ഭാവം നമ്മളിലും ഉണ്ടാകണം (ഫിലി-2: 1-11). നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ പൂർണ്ണമാക്കുന്നത് ഈ സാഹചര്യത്തിലാണ്. ക്രിസ്ത്യാനികൾ ക്രിസ്തുനാമധാരികളാണ്, എന്നാൽ ക്രിസ്തുസ്വഭാവധാരികളാകാൻ നാം മറക്കുന്നു. നമ്മൾ വി. മാമോദീസായിലൂടെ സ്വീകരിച്ച പേരുകൾക്ക് വലിയ അർത്ഥമുണ്ട്, പേരിനൊത്ത സ്വഭാവം നമ്മിലില്ല.

"യഹോവേ രക്ഷിയ്ക്കണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തൻമാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു (സങ്കീ-12:1)" ദാവീദ് രാജാവിന്റെ വിലാപമാണിത്. തന്റെ കാലഘട്ടത്തെകുറിച്ചുള്ള ദാവീദ് രാജാവിന്റെ വിലയിരുത്തൽ കൂടിയാണ് ഈ വിലാപം. ഈ കാലഘട്ടത്തെ മനുഷ്യർ സമർത്ഥരാണ്. ധനം, അറിവ്, എല്ലാമുണ്ട്, പക്ഷെ ദൈവസ്വഭാവം നഷ്ടപ്പെടുന്നു. "ദൈവമേ രക്ഷിക്കണമെ, എന്റെ മക്കളിൽ ദൈവസ്വഭാവം കുറഞ്ഞിരിക്കുന്നു". എന്ന് സഭാമാതാവ് വിലപിയ്ക്കുവാൻ ഇടയാകരുത്. നമ്മുടെ സാമർത്ഥ്യങ്ങൾ ഏറിവരട്ടെ. പക്ഷെ സദ്ഗുണങ്ങൾ കുറയുവാൻ ഇടയാകരുത്. മണ്ണിലേക്ക് ഇറങ്ങിവന്ന ദൈവത്തോട് ചേർന്ന് നടക്കുന്ന മനുഷ്യരായി നമ്മുക്ക് മാറാം. ഇപ്രകാരം ആയിരിക്കണം നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ.

ക്രിസ്തുവിനെ കൂട്ടുപിടിച്ച് പുതുവർഷത്തിലേക്ക് നമ്മുക്ക് പ്രവേശിക്കാം. എല്ലാ പുതുവർഷങ്ങളും പ്രതിജ്ഞകളുടേയും, പ്രതീക്ഷകളുടേയും സമയമാണ്. വർഷാവസാനം തിരിഞ്ഞ് നോക്കുമ്പോൾ എന്തെല്ലാം പ്രതിജ്ഞകൾ പാലിച്ചു, ഏതൊക്കെ പ്രതീക്ഷകൾ സഫലമായി എന്ന് ചിന്തിക്കാറുണ്ടോ? എല്ലാ വർഷവും ജീവിതത്തിൽ ഭൗതീകമായ സമൃദ്ധിക്ക് വേണ്ടി നാം അദ്ധ്വാനിക്കുന്നതുപോലെ നന്മകളുടെ ചെറിയ നിക്ഷേപമെങ്കിലും കൂട്ടിചേർക്കുവാൻ സാധിയ്ക്കണം.

എല്ലാവർക്കും പുതുവത്സരാശംസകൾ.... ■

*(ഇടയലേഖനം തുടർച്ച)*

എന്നാണ് ആരാധനാക്രമങ്ങൾ വിവരിക്കുന്നത്. അഗ്നിരഥത്തിൽ ദൈവത്തെ ആഘോഷിക്കുന്നത് മാലാഖമാരാണ്. അതിന്റെ ഭാഷയാണിവിടെ പ്രയോഗിച്ചിരിക്കുന്നത്. ഇവിടെ മാനുഷിക കരങ്ങൾ, അവതാരം ചെയ്ത ദൈവപുത്രനെ വഹിച്ചാഘോഷിക്കുന്നു. അങ്ങനെ മറിയാം ഏറ്റം ശ്രേഷ്ഠയായ "സാക്ഷി"യായിത്തീർന്നിരിക്കുന്നു.

ദൈവനിയോഗത്തിനുമുമ്പിൽ, അന്യപരിഗണനകളും സ്വാധീനങ്ങളുമകറ്റി, മനസ്സിനെ ഏകാഗ്രമാക്കി, ഭൂമിയോളം എളിമപ്പെടുന്ന മനുഷ്യപ്രകൃതിയെയാണ് മറിയാമിൽ കാണുന്നത്. ദൃഢമായ ആ സ്വീകരണം ദൈവസന്നിധിയിൽ വിലയേറിയതായിരുന്നു. അവിടെ ക്രിസ്തു പിറക്കുന്നു. - എളിയവരിൽ എളിയവനായി. ദൈവമാതാവിനെ പുകഴ്ത്തുമ്പോൾ ദൈവകൃപയാൽ സംസ്കൃതമായ മനുഷ്യപ്രകൃതിയെയും, അനന്തമായ ദൈവസ്നേഹത്തെയുമാണ് പുകഴ്ത്തുന്നത്; അത് ദൈവത്തിനർപ്പിക്കുന്ന പുകഴ്ച തന്നെയാണ്.

ഈ അമ്മ നമുക്കെല്ലാം അമ്മതന്നെ. ദൈവത്തിൽ നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം നമുക്കു ലഭിക്കുന്നതിന് മദ്ധ്യസ്ഥയായത് കന്യക അമ്മതന്നെ. അപ്പോൾ, മുല്ലനേഴി പാടിയതുപോലെ, "അമ്മതന്നൊരു ജീവിത"മാണിത്. പരിശുദ്ധ അമ്മയെ പുകഴ്ത്തുന്നവരുടെ നിരകളോട് നമുക്കും ചേരാം! ■

## വിവാഹം

എറണാകുളം വടുതല ഇലഞ്ഞിവേലിൽ ശ്രീ. റോയി കുര്യന്റെയും, ശ്രീമതി ലൗലി കുര്യന്റെയും മകൻ **ടോണി കുര്യാക്കോസും**, വഡോദര നെടിയ കാലായിൽ ശ്രീ. എൻ.റ്റി. മാത്യൂസിന്റെയും ശ്രീമതി ലതാ മാത്യുവിന്റെയും മകൾ **വിനീത മാത്യുവും** തമ്മിലുള്ള വിവാഹം 27-12-2015 -ൽ കത്തീഡ്രലിൽ നടന്നു.





തൃപ്പൂണിത്തുറ ചൂരക്കാട് മുതലാത്തറവീട്ടിൽ ശ്രീ. കെ. ബാബു മാത്യുവിന്റെയും ശ്രീമതി കുഞ്ഞുമറിയാമ്മയുടെയും മകൾ **ഡോ. രൂപ മാത്യുവും**, മരട് മൂലയിൽ കാരുകുന്നത്ത് ശ്രീ. കെ.എം. ജോസഫിന്റെയും ശ്രീമതി മിനി ജോസഫിന്റെയും മകൻ **എൽദോ ജോസഫും** തമ്മിലുള്ള വിവാഹം 27-12-2015 - ൽ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി കതോലിക്കേറ്റ് സെന്ററിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## കുടുംബ വിശേഷങ്ങൾ

### അഭിനന്ദനങ്ങൾ

**അനുപ അന്ന തോമസ്**



മണിപ്പാൽ Institute of Technology -ൽ നിന്ന് MSc Physics - ൽ ഒന്നാം റാങ്കും Gold Medal - ഉം നേടിയ **Anupa Anna Thomas.**

കൊച്ചി എളംകുളം പോന്നേത്ത് സൗത്ത് റോഡിൽ നിരണം പനയ്ക്കാമറ്റം തോമസ് വർഗ്ഗീസിന്റെയും റെയ്ച്ചൽ തോമസിന്റെയും മകളാണ്.



PARISH NEWS

# കരോൾ സർവ്വീസും ക്രിസ്മസ് ശുശ്രൂഷയും





ഈ വർഷത്തെ കരോൾ സർവീസ് ഡിസംബർ 23 ബുധനാഴ്ച കത്തീഡ്രൽ ഹാളിൽ നടത്തി. കൊച്ചി കസ്റ്റംസ് കമ്മീഷണർ ശ്രീ. കെ.എൻ. രാഘവൻ ക്രിസ്മസ് സന്ദേശം നൽകി. പള്ളിയിലെ ജൂനിയർ, സീനിയർ ക്വയറുകൾ ഗാനങ്ങൾ ആലപിച്ചു.

എളകുളം ചാപ്പലിൽ ഒ.ജെ. ജേക്കബച്ചനും കത്തീഡ്രലിൽ പി.ഐ. വർഗീസച്ചനും ക്രിസ്മസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## മാമോദീസ

എറണാകുളം തരകൻ വീട്ടിൽ Mr. Abi Alu Rajan ന്റെയും ശ്രീമതി Preema Paul - ന്റെയും മകൾ **Liana Miriam Abraham (Mariam)** 26-12-2015 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

## നിര്യാതനായി



എറണാകുളം രവിപുരം ഇളയടത്തുശ്ശേരിൽ **ജേക്കബ് ജോസ്** (78) 17-12-2015 - ൽ നിര്യാതനായി. 18-12-2015 - ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** Jan.10 - 10.00 am, Jan.17 - 07.00 am, Jan.24 - 10.00 am, Jan.31 - 07.00 am, Feb. 07 - 10.00 am

**സെമിത്തേരിമുക്ക് ചാപ്പൽ:** Jan.10 - 07.30 am, Jan.24 - 07.30 am Feb. 07 - 7.30 am

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ജനുവരി | 06 ബുധൻ | ദനഹാ പെരുന്നാൾ (കർത്താവിന്റെ മാമോദീസ) കത്തീഡ്രലിൽ 6.45 ന് ദനഹാ ശുശ്രൂഷ, തുടർന്ന് വി. കുർബാന |
| | 07 വ്യാഴം | മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ചയുടെയും, ശിരഛേദനത്തിന്റെയും ഓർമ്മ |
| | 08 വെള്ളി | മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ |
| | 15 വെള്ളി | വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ ഓർമ്മ |
| | 17 ഞായർ | ഇടവക പെരുന്നാൾ |
| | 18 തിങ്കൾ | മൂന്ന് നോമ്പാരംഭം |
| | 21 വ്യാഴം | മൂന്ന് നോമ്പ് വീടൽ |
| | 24 ഞായർ | കൊഹനേ ഞായർ |
| | 26 ചൊവ്വ | പ: മാത്യൂസ് ദ്വിതീയൻ ബാവയുടെ ഓർമ്മ (ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം) |
| | 31 ഞായർ | വാങ്ങിപ്പോയവരുടെ ഓർമ്മ |
| ഫെബ്രു. | 02 ചൊവ്വ | മായൽത്തോ പെരുന്നാൾ. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മ (കണ്ടനാട്, കർമ്മേൽ ദയറാ) |
| | 07 ഞായർ | കൊത്നെ ഞായർ |

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 03-01-16 - 4 pm**
ശ്രീ. **ജേക്കബ് കുര്യൻ**
മരിയ ഭവൻ, FMRA-117, Fr. മാനുവൽ റോഡ്, കതൃക്കടവ്, കലൂർ
Ph: 2343876, 9846059929

**St. Marys Unit (Central Area) 10-01-16 - 4 pm**
ശ്രീ. **ഈശോ സി. മാർക്കോസ്**
'ശരത്', കുരിശുപള്ളി റോഡ്, രവിപുരം, എറണാകുളം.
Ph: 2356066, Mob: 9447404277

**St. Gregorios Unit (Elamkulam-Kadavanthra Area) 24-01-16 - 4 pm**
ശ്രീ. **സി.എ. മോഹൻ**
ചാമച്ചേരിൽ, ജി.229, പനമ്പിള്ളിനഗർ
Ph: 9830816216, 9831386216

**സംയുക്ത പ്രാർത്ഥനാ യോഗം കത്തീഡ്രലിൽ ജനുവരി 31, 4 മണിക്ക്**